LIBRARY ARCHIVES Kerala Legislative Assembly

ജീവനക്കാർക്ക് ഇടക്കാലാശ്വാസവും ശമ്പള പരിഷ്ക്കരണവും

5 [796] ശ്രീ. ടി. കെ. ബാലൻ:

,, കെ. വി. കുഞ്ഞിരാമൻ:

,, എം. വി. ഗോവിന്ദൻമാസ്റ്റർ:

,, കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാർക്കും അദ്ധ്യാപകർക്കും 2002 മാർച്ച് മാസം മുതൽ അർഹതപ്പെട്ട ശമ്പളപരിഷ്ക്കരണം ഇനിയും നടപ്പിലാക്കാത്തതിൽ ജീവനക്കാരിൽ കടുത്ത അസംതൃപ്തി നിലനിൽക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണത്തിന് അടിയന്തിര നടപടി കൈക്കൊള്ളുമോ;

(സി) ശമ്പള പരിഷ്ക്കരണം രണ്ട് വർഷക്കാലത്തിലധികം വൈകിയ സാഹചര്യത്തിൽ ജീവനക്കാർക്ക് ഇടക്കാലാശ്വാസം നൽകുന്നതിന് സർക്കാർ തീരുമാനം കൈക്കൊള്ളുമോ?

ഉത്തരം

(എ) സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പള പരിഷ്ക്കരണം സംബന്ധിച്ച് മിക്കവാറും എല്ലാ സർവ്വീസ് സംഘടനകളും സർക്കാരിന് നിവേദനം നൽകിയിട്ടുണ്ട്.

(ബി ആന്റ് സി) ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണവും ഇടക്കാലാശ്വാസവും സംബന്ധിച്ച് സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

ചാത്തന്നൂരിൽ ഡി.വൈ.എസ്.പി. ഓഫീസ് തുടങ്ങാൻ നടപടി

6 [799] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ ആസ്ഥാനമായി ഡി. വൈ. എസ്. പി. ഓഫീസ് ആരംഭിക്കുവാൻ ഉദ്ദേശ്യമുണ്ടോ;

(ബി) എങ്കിൽ അതിന്റെ നടപടികൾ ഏതുവരെയായി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) ഇതുസംബന്ധിച്ച വിശദമായ പ്രൊപ്പോസൽ ഡി.ജി.പി.-യിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് ഡി.വൈ.എസ്.പി. ഓഫീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.